## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:*409 25/06/2019 ൽ മറുപടിക്ക്

# കശുവണ്ടി വ്യവസായം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. കെ.എസ് ശബരീനാഥൻ<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. വി.ടി. തോമസ് | ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കശുവണ്ടി വ്യവസായം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നറിയിക്കുമോ; | (എ) | സംസ്ഥാനത്തെ കശുവണ്ടി മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനായും കശുവണ്ടി വ്യവസായ മേഖലയുടെ പുനരുദ്ധാരണത്തിനായും രാജ്യത്തിന് അകത്തു നിന്നും പുറത്തു നിന്നും തോട്ടണ്ടി സംഭരിച്ച് സംസ്ഥാനത്തെ പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമുള്ള കശുവണ്ടി സംസ്കരണ ഫാക്ടറികൾക്ക് ന്യായമായ വിലയിൽ തോട്ടണ്ടി ലഭ്യമാക്കുന്നതിനായി സംസ്ഥാന സർക്കാർ 2017 ഒക്ടോബറിൽ കേരള കാഷ്യൂബോർഡ് ലിമിറ്റഡ് രൂപീകരിച്ചു. കാഷ്യൂബോർഡ് കശുവണ്ടി ഉൽപ്പാദക ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി ഇറക്കുമതി ചെയ്ത് കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപെക്സിന്റേയും കീഴിലുള്ള ഫാക്ടറികൾക്ക് തുടർച്ചയായി ലഭ്യമാക്കിക്കൊണ്ടിരിക്കുന്നു.<br>കടക്കെണി മൂലം പ്രവർത്തനരഹിതമായ സ്വകാര്യ കശുവണ്ടി വ്യവസായത്തെ പുനരുദ്ധരിക്കുന്നതിനായി സർക്കാർ നടത്തിയ നിരന്തര ഇടപെടലിനെ തുടർന്ന് എസ്.എൽ.ബി.സി, ബന്ധപ്പെട്ട ബാങ്ക്, സർക്കാർ പ്രതിനിധി എന്നിവരടങ്ങിയ മൂന്നംഗ കമ്മിറ്റി, സ്വകാര്യ വ്യവസായികൾ സമർപ്പിച്ച പുനരുദ്ധാരണ പാക്കേജ് പരിശോധിച്ച് അധിക വായ്പ നൽകിയാൽ |

| | | | |
|---|---|---|---|
| | | | പുനരുദ്ധരിക്കാൻ കഴിയുന്ന 176 വ്യവസായങ്ങളുടെ പേര് ശുപാർശ ചെയ്തിട്ടുണ്ട്. കമ്മിറ്റിയുടെ മുമ്പാകെ ഹാജരായ 285 വ്യവസായങ്ങളിൽ 67 വ്യവസായങ്ങൾക്ക് ഒറ്റത്തവണ തീർപ്പാക്കലാണ് ശുപാർശ ചെയ്തിട്ടുള്ളത്. എ.ആർ.സി.ക്ക് ശുപാർശ ചെയ്തതുൾപ്പെടെ മേൽ വിഭാഗത്തിൽപ്പെടാത്ത 42 വ്യവസായങ്ങളെയും കണ്ടെത്തിയിട്ടുണ്ട്.<br>06/02/2019 ൽ ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കൂടിയ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൈക്കൊണ്ട പുനരുദ്ധാരണ പാക്കേജിന്റെയടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിച്ചുവരികയാണ്. പുനരുദ്ധാരണ പാക്കേജിന്റെയടിസ്ഥാനത്തിൽ വ്യവസായത്തിനു ധനകാര്യ സ്ഥാപനങ്ങൾ നൽകുന്ന വായ്പയിന്മേലുള്ള ഒരു വർഷത്തെ പലിശ നൽകുന്നതിനായി 25 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അർഹതപ്പെട്ട വ്യവസായങ്ങളുടെ ധനകാര്യ സ്ഥിതി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് നൽകുന്ന മുറയ്ക്ക് ഒട്ടനവധി വ്യവസായങ്ങൾക്ക് ഇതിനകം ബാങ്കുകൾ വായ്പ ലഭ്യമാക്കിയിട്ടുമുണ്ട്. അർഹതപ്പെട്ട എല്ലാ വ്യവസായയൂണിറ്റുകൾക്കും പ്രവർത്തന മൂലധനം ബാങ്കുകൾ മുഖേന ലഭ്യമാക്കുന്നതിന് സർക്കാർ നിരന്തര ഇടപെട്ടു വരികയാണ്.<br>കേരളത്തിലെ പൊതുമേഖലാ വ്യവസായങ്ങൾക്ക് മാത്രമല്ല ആവശ്യപ്പെടുന്ന പക്ഷം എസ്ക്രോ എക്കൗണ്ട് മുഖാന്തിരം സ്വകാര്യ വ്യവസായികൾക്കും തോട്ടണ്ടി ലഭ്യമാക്കാൻ കേരള കാഷ്യൂ ബോർഡ് ഇപ്പോൾ സന്നദ്ധവുമാണ്.<br>കേരളത്തിലെ കശുവണ്ടി |

| | | | |
|---|---|---|---|
| | | | വ്യവസായത്തിനാവശ്യമായ തോട്ടണ്ടിയുടെ വളരെ കുറഞ്ഞ ശതമാനം മാത്രമാണ് കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്നത്. കേരളത്തിലെ തോട്ടണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനം പരമാവധി വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന കശുമാവ് വികസന ഏജൻസി മുഖാന്തിരം നടപടികൾ സ്വീകരിച്ചു വരുന്നു. അത്യുല്പാദന ശേഷിയുള്ള മുന്തിയ ഇനം കശുമാവ് തൈകൾ തോട്ടമടിസ്ഥാനത്തിലും അല്ലാതെയും കൃഷി ചെയ്യുന്നതിനാണ് ഏജൻസി നടപടി സ്വീകരിച്ചിട്ടുള്ളത്.<br>കഴിഞ്ഞ മൂന്ന് വർഷമായി കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന തോട്ടണ്ടി സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് കശുവണ്ടി വികസന കോർപ്പറേഷനും കാപെക്സും ശേഖരിച്ചു വരികയാണ്. |
| (ബി) | ഇതുമൂലം ഈ മേഖലയിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ എന്തൊക്കെയാണ് ; | (ബി) | സർക്കാരിന്റെ ഇടപെടലിലൂടെ പൊതുമേഖലാ സ്ഥാപനങ്ങളായ കാപ്പെക് സും, കെ.എസ്സ്.സി.ഡി.സിയും തുടർച്ചയായി പ്രവർത്തിച്ചു വരികയാണ്. അടഞ്ഞുകിടക്കുന്ന പ്രൈവറ്റ് ഫാക് ടറികളിൽ സർക്കാരിന്റെ നിരന്തരമായ ഇടപെടലിന്റെ അടിസ്ഥാനത്തിൽ കുറച്ചു ഫാക് ടറികൾ തുറന്നു പ്രവർത്തിച്ചു കഴിഞ്ഞു. ബാക്കിയുള്ള പ്രൈവറ്റ് ഫാക് ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചു വരികയാണ്.<br>കേരള കാഷ്യൂ ബോർഡിന്റെ ഇടപെടൽ മൂലം അസംസ്കൃത കശുവണ്ടിയുടെ ലഭ്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിനുപുറമേ തോട്ടണ്ടിയുടെ സംഭരണവിലയിലും ഗണ്യമായ കുറവ് പ്രകടമായിട്ടുണ്ട്. കശുവണ്ടി വികസന കോർപ്പറേഷൻറെയും കാപ്പെക്സിന്റെയും കീഴിലുള്ള ഫാക്ടറികൾ തുടർച്ചയായി |

| | | | |
|---|---|---|---|
| | | | പ്രവർത്തിക്കുന്നതിനുള്ള തോട്ടണ്ടി ഇപ്പോൾ ലഭ്യമാണ്. ഡയറക്ടറേറ്റ് ഓഫ് കാഷ്യൂ & കൊക്കോ കൊച്ചിയുടെ കണക്ക് അനുസരിച്ച് 2015-16 ൽ 72000 മെട്രിക് ടണ്ണായിരുന്ന കശുവണ്ടിഉൽപ്പാദനം 2017-18 ൽ 88180 മെട്രിക് ടണ്ണായി വർദ്ധിച്ചതും 2015-16 ൽ 87010 ഹെക്ടറായിരുന്ന കശുമാവ് കൃഷി വിസ്തൃതി 2017-18 ൽ 92813 ഹെക്ടറായി വർദ്ധിച്ചതും കെ.എസ്.എ.സി.സി.യുടെ കൂടി ശ്രമഫലമായാണ്. |
| (സി) | തോട്ടണ്ടിക്ക് ഇറക്കുമതി ചുങ്കം കേന്ദ്രസർക്കാർ കൂട്ടിയത് തോട്ടണ്ടി ഇറക്കുമതിയെ എപ്രകാരം ബാധിച്ചു; പ്രസ്തുത ചുങ്കം കുറയ്ക്കണമെന്ന ആവശ്യത്തോടുള്ള കേന്ദ്ര പ്രതികരണം എന്താണ് ; | (സി) | ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിയ്ക്ക് (അസംസ്കൃത തോട്ടണ്ടി) കേന്ദ്ര സർക്കാർ 2016 മുതൽ ഇറക്കുമതി ചുങ്കം ഏർപ്പെടുത്തിയിരുന്നു. 9.36 ശതമാനമായിരുന്ന ഇറക്കുമതി ചുങ്കം കുറയ്ക്കാൻ സർക്കാർ നടത്തിയ സമ്മർദ്ദത്തിന്റെ കൂടി ഫലമായി സാധിച്ചിട്ടുണ്ട്. ഇപ്പോൾ ഇറക്കുമതി ചുങ്കം 2.5 ശതമാനമാണ്. ഇറക്കുമതി ചുങ്കം പൂർണ്ണമായി ഒഴിവാക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഏറ്റവും കുറഞ്ഞ വികസന വിഭാഗത്തിലുള്ള രാജ്യങ്ങളിൽ നിന്നും (Least Developed Countries) ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിക്ക് ഇറക്കുമതി ചുങ്കം ഇല്ല. ഇറക്കുമതി ചുങ്കം കശുവണ്ടി വ്യവസായത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. തോട്ടണ്ടിയുടെ വില കൂടുവാൻ ഇത് കാരണമായിട്ടുണ്ട്. കൂടാതെ പരിപ്പ് കയറ്റുമതിയിലൂടെ ചുങ്കം ഒഴിവാക്കാൻ ചില നിബന്ധനകൾ ഉണ്ട്. എന്നാൽ വിയറ്റ്നാം തുടങ്ങിയ രാജ്യങ്ങളിൽ നിന്നും ധാരാളം പരിപ്പ് എത്തുന്ന വഴി അന്താരാഷ്ട്ര കമ്പോളത്തിൽ കശുവണ്ടിപ്പരിപ്പിന്റെ വില കുറഞ്ഞതു മൂലം കയറ്റുമതി ലാഭകരമല്ലാതായിരിക്കുന്ന സാഹചര്യവും നിലവിലുണ്ട്. കൂടാതെ ജി.എസ്.റ്റി.യുടെ വരവോടെ 5 % |

| | | | |
|---|---|---|---|
| | | | ജി.എസ്സ്.റ്റി. കൂടി ഇറക്കുമതി തോട്ടണ്ടിയ്ക്ക് തുക ഒടുക്കേണ്ടതുണ്ട്. |
| (ഡി) | ഗുണനിലവാരം കുറഞ്ഞ കശുവണ്ടിപ്പരിപ്പ് സ്പെഷ്യൽ എക്കണോമിക് സോൺ വഴി ഇറക്കുമതി ചെയ്ത് വിപണനം നടത്തുന്നത് കശുവണ്ടിപ്പരിപ്പിന്റെ ആഭ്യന്തര വിപണിയെ എപ്രകാരം ബാധിച്ചു; കഴിഞ്ഞവർഷം ഇതുമൂലം വിൽപനയിൽ ഇടിവ് ഉണ്ടായിട്ടുണ്ടോ; വിശദവിവരം നല്കാമോ? | (ഡി) | നിലവാരം കുറഞ്ഞ കശുവണ്ടിപ്പരിപ്പ് കുറഞ്ഞ വിലയ്ക്ക് ഇറക്കുമതി ചെയ്യുന്നതുമൂലം വിദേശ കശുവണ്ടിപ്പരിപ്പിന്റെ ഇൻഡ്യൻ വിപണിയിലേക്കുള്ള കടന്നു കയറ്റം കശുവണ്ടിപ്പരിപ്പിന്റെ ആഭ്യന്തര വിപണിയെ സാരമായി ബാധിക്കുന്നുണ്ട്. ഇറക്കുമതി പരിപ്പ് സംസ്ഥാനത്തെ പരിപ്പുമായി കൂട്ടികലർത്തി ആഭ്യന്തരമായും, കയറ്റുമതിയിലൂടെയും വിൽപ്പന നടത്തുന്നതായും മാധ്യമ റിപ്പോർട്ടുകൾ വഴി അറിയുവാൻ സാധിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി ഇറക്കുമതി ചെയ്ത പരിപ്പിന്റെ മിനിമം ഇറക്കുമതി തുക പൊടി പരിപ്പിന് ഒരു കിലോ 288 രൂപയിൽ നിന്ന് 680 രൂപയായും മുഴുവൻ പരിപ്പിന് 400 രൂപയിൽ നിന്ന് 720 രൂപയുമായി കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ ഇറക്കുമതി നയത്തിൽ വ്യവസായത്തിനനുകൂലയായ മാറ്റങ്ങൾ വരുത്തിയാൽ മാത്രമേ ഈ രംഗത്ത് നിലനിൽക്കുന്ന പ്രതിസന്ധിക്ക് കുറച്ചെങ്കിലും പരിഹാരമാവുകയുള്ളൂ. |

സെക്ഷൻ ഓഫീസർ